(ബി) ഏതെല്ലാം റോഡുകളുടെ നവീകരണ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(സി) ഈ പദ്ധതികൾക്ക് എന്ത് തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; തുക അനുവദിച്ചിട്ടുണ്ടോ; ഫണ്ടിന്റെ അപര്യാപ്തത പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഡി) ദേശീയ ഗെയിംസ് ആരംഭിക്കുന്നതിന് മുമ്പായി ഈ റോഡുകളുടെ നവീകരണവും പുനരുദ്ധാരണവും പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഇതിനാവശ്യമായ അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ദേശീയ ഗെയിംസിന്റെ മുന്നോടിയായി റോഡ് വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ദേശീയപാത ബൈപ്പാസ് 66-ൽ കഴക്കൂട്ടം മുതൽ ഈഞ്ചക്കൽ വരെയുള്ള ഭാഗത്ത് ജംഗ്ഷൻ ഇംപ്രൂവ്മെന്റിനും, 1.50 മീ വീതിയിൽ ഇരുവശത്തും paved shoulder നിർമ്മിക്കുന്നതിനുമായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ റോഡ് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതികൾക്ക് ദേശീയപാതയ്ക്ക് 4 കോടിരൂപയും നിരത്തുവിഭാഗത്തിന് 4310.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത പദ്ധതിയെ ബാധിച്ചിട്ടില്ല.

(ഡി) ദേശീയ ഗെയിംസ് ആരംഭിക്കുന്നതിന് മുമ്പായി ഈ റോഡുകളുടെ നവീകരണവും പുനരുദ്ധാരണവും പൂർത്തിയാക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിച്ചു വരുന്നു.

കൊല്ലം-തേനി റോഡിന്റെ നവീകരണ പ്രവൃത്തി

282(3207) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-തേനി റോഡിന്റെ നവീകരണ പ്രവൃത്തിക്ക് ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കിയ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊല്ലം-തേനി പാതയുടെ ഉപരിതലം പുതുക്കുന്നതിനായി വകയിരുത്തിയ തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) കൊല്ലം ഹൈസ്കൂൾ ജംഗ്ഷൻ മുതൽ 20 കിലോമീറ്ററിലധികം അറ്റകുറ്റപണികൾ പോലും ചെയ്യാതെ കിടക്കുന്ന റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കൊല്ലം-തേനി ദേശീയപാതയിൽ (എൻ.എച്ച്-183) മാങ്കാകഴി മുതൽ - കൊച്ചാലുംമൂട് വരെ 1.5 കി.മീ. ദൂരം ഒഴികെ കടപുഴപാലം (23/500) മുതൽ കൊല്ല-കടവ് പാലം (53/500) വരെയുള്ള ഭാഗത്തെ ബി.എം. & ബി.സി. പ്രവൃത്തിക്ക് 22.27 കോടി രൂപയുള്ള ഭരണാനുമതിയാണ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

(സി) കൊല്ലം-തേനി ദേശീയപാത (എൻ.എച്ച്.-183)-യുടെ ഹൈസ്കൂൾ ജംഗ്ഷൻ (0/000) മുതൽ കടപുഴപാലം (23/500) വരെയുള്ള ഭാഗത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മേൽപ്പറഞ്ഞ ഭാഗത്തെ ഉപരിതല നവീകരണത്തിന് കേന്ദ്ര ഗതാഗത മന്ത്രാലയം പി.ആർ./ഐ.ആർ.കൃ.പി. 2014-15-ൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തങ്കളം-കാക്കനാട് റോഡ്

283(3208) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ;

(ബി) ഈ റോഡിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വില അടിയന്തരമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) കോതമംഗലത്തെ എറണാകുളവുമായി അതിവേഗം ബന്ധിപ്പിക്കുന്ന പ്രസ്തുത റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് യുദ്ധ കാലാടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly